**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3074** **04-08-2021 - ൽ മറുപടിയ്ക്ക്**

**എല്ലാ മണ്ഡലങ്ങളിലും ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഐ.ടി. മേഖലയിൽ തൊഴിൽ ലഭ്യത വളരെ കൂടുതൽ ഉള്ള സാഹചര്യത്തിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | പരിഗണനയിലില്ല. |
| (ബി) | സംസ്ഥാനത്തെ ഇന്ത്യയുടെ ഐ.ടി. ഹബ്ബാക്കി മാറ്റാൻ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | ഐ.ടി വ്യവസായ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ച് നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ടെക്നോ സിറ്റിയിലെ ഗവൺമെന്റ് ഐ.ടി കെട്ടിടത്തിനു പുറമേ ടെക്നോപാർക്കിന്റെ വിവിധ ഘട്ടങ്ങളിലെ ഉപസംരംഭകരായ ടി.സി.എസ്, സൺടെക് ബിസിനസ് സൊല്യൂഷൻസ്, ടോറസ് ഗ്രൂപ്പ് എന്നിവരുടെ പദ്ധതികൾ ഉൾപ്പെടെ 17.6 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. അടുത്ത 5 വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളാണ് ടെക്നോപാർക്ക് ഫേസ്-1 ൽ ബ്രിഗേഡ് ഗ്രൂപ്പ്, കാർണിവൽ ഇൻഫോപാർക്ക്; ടെക്നോപാർക്ക് ഫേസ്-3 യിൽ ടെക്നോപാർക്കിന്റെ പുതിയ കെട്ടിടം, ടോറസ്സിന്റെ വിവിധ വികസന ഘട്ടങ്ങൾ, വിൻവിഷ് ടെക്നോളജീസ്; ടെക്നോസിറ്റിയിൽ കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ സ്പെയിസ് പാർക്ക് പ്രോജക്ട്, റ്റി.സി.എസ് & റ്റാറ്റ ഇലക്സി, (ഡിജിറ്റൽ ഡേറ്റാ സെന്റർ) ബ്രിഗേഡിന്റെ വേൾഡ് ട്രൈഡ് സെന്റർ എന്നിവ ഈ പദ്ധതികളിലൂടെ ഏകദേശം 56 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി/ഐ.ടി.ഇ.എസ് സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ ഏകദേശം 57000 പേർക്ക് നേരിട്ടു തൊഴിലവസരങ്ങൾ ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു. കൊച്ചി ഇൻഫോപാർക്കിൽ 422 ഐ.ടി/ഐ.ടി.ഇ.എസ് കമ്പനികൾ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 92 ലക്ഷം ച.അടി ബിൽറ്റ് അപ്പ് സൗകര്യങ്ങൾ ഇൻഫോപാർക്കിലെ വിവിധ വികസന ഘട്ടങ്ങളിലായി വിനിയോഗിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർ പാർക്കിൽ 60 ഐ.ടി/ ഐ.ടി.ഇ.എസ് കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനായി നിലവിൽ SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, ജലം, വൈദ്യുതി, കണക്റ്റിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. |
| (സി) | കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ഐ.ടി. മേഖലയുടെ പ്രാധാന്യം മനസിലാക്കി കൂടുതൽ കമ്പനികളെ സംസ്ഥാനത്തേക്ക് ക്ഷണിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, നിലവിൽ കേരളത്തിലെ ഐ ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന ചെറുകിട-ഇടത്തരം ഐ ടി കമ്പനികൾക്ക് സർക്കാർ നൽകിയ വാടക ഇളവുകളും മറ്റു ആനുകൂല്യങ്ങളും വലിയതോതിൽ ആശ്വാസം നല്കുകയും കൂടുതൽ കമ്പനികൾക്ക് ഐ.ടി പാർക്കുകളിൽ നിക്ഷേപം നടത്തുവാൻ പ്രേരകമാവുകയും ചെയ്തിട്ടുണ്ട്. ആഗോള തലത്തിൽ മുന്നിൽ നിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി/ ഐ.ടി.ഇ.എസ് മേഖലകളിലെ വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി കേരളത്തിലേക്ക് ക്ഷണിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ കമ്പനികളുടെ സുഗമമായ പ്രവർത്തനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ